15 YEARS OF CELEBRATING THE MAHATMA

തുഞ്ചത്തെഴുത്തച്ഛൻ
മലയാളസർവകലാശാല
വാക്കാട്, മലപ്പുറം - 676 502
ഫോൺ : 0494 2631230

Break the Chain

സംഗ്രഹം

തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവ്വകലാശാല - സംസ്ഥാനത്തെ പിന്നോക്കവിഭാഗങ്ങളുടെ പ്രാതിനിധ്യം സംബന്ധിച്ച വിശദാംശങ്ങൾ - നോഡൽ ഓഫീസറായി സംസ്കാരപൈതൃകപഠനവിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ. കെ.വി. ശശിയെ നിയോഗിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഭരണവിഭാഗം

നമ്പർ: 531/2020/അഡ്മിൻ. തിരൂർ: തീയതി 28/09/2020

പരാമർശം:- 25.09.2020 തീയതിയിലെ കെ1/113/22020/ഉ.വി.വ നമ്പർ കത്ത്.

ഉത്തരവ്

സംസ്ഥാനത്തെ സർക്കാർ/അർദ്ധ സർക്കാർ/സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിലെ പിന്നോക്കവിഭാഗങ്ങളുടെ പ്രാതിനിധ്യം വിലയിരുത്തുന്നതിനായി വിശദാംശങ്ങൾ കേരള സംസ്ഥാന പിന്നോക്കവിഭാഗ കമ്മീഷന്റെ വെബ് പോർട്ടലിൽ (e-Desk) കൃത്യമായും പൂർണമായും അപ്ലോഡ് ചെയ്ത് പ്രസ്തുത വിവരം സർക്കാരിനെ അറിയിക്കേണ്ടതാണെന്നും ആയതിന് നോഡൽ ഓഫീസറെ നിയമിക്കേണ്ടതാണെന്നും അറിയിച്ചുകൊണ്ട് പരാമർശ പ്രകാരം കത്ത് ലഭിച്ചിട്ടുണ്ട്.

2) പ്രസ്തുത പോർട്ടലിൽ വിവരങ്ങൾ അപ്ലോഡ് ചെയ്യുന്നതിന് നോഡൽ ഓഫീസറായി സംസ്കാരപൈതൃകപഠനവിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ. കെ.വി. ശശിയെ നിയോഗിക്കാൻ വൈസ് ചാൻസലർ ഉത്തരവായിട്ടുണ്ട്.

3) സംസ്ഥാനത്തെ പിന്നോക്കവിഭാഗങ്ങളുടെ പ്രാതിനിധ്യം സംബന്ധിച്ച വിശദാംശങ്ങൾ കേരള സംസ്ഥാന പിന്നോക്കവിഭാഗ കമ്മീഷന്റെ വെബ് പോർട്ടലിൽ (e-Desk) അപ്ലോഡ് ചെയ്യാനും ആ വിവരം സർക്കാരിനെ അറിയിക്കാനും മലയാളസർവകലാശാലയിലെ സംസ്കാരപൈതൃകപഠനവിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ. കെ.വി. ശശിയെ നോഡൽ ഓഫീസറായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4) ഇതു സംബന്ധിച്ച വിവരങ്ങൾ വെബ് പോർട്ടലിൽ കൃത്യമായും പൂർണമായും അപ്ലോഡ് ചെയ്യുകയും പ്രസ്തുത വിവരങ്ങൾ എല്ലാ മാസവും 5-ാം തീയതിക്കുള്ളിൽ സർക്കാരിൽ അറിയിക്കുകയും ചെയ്യുക എന്നത് നോഡൽ ഓഫീസറുടെ ചുമതലയാണ്.

5) മേൽ വിവരിച്ച പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഡോ. ആർ. രാജീവ് മോഹൻ**
**രജിസ്ട്രാർ ഇൻ ചാർജ്**

ഡോ. കെ.വി. ശശി, അസിസ്റ്റന്റ് പ്രൊഫസർ, സംസ്കാരപൈതൃകപഠനവിഭാഗം

പകർപ്പ്:

വി.സി. കാര്യാലയം/
ഫിനാൻസ് വിഭാഗം/അക്കൗണ്ട്സ് വിഭാഗം/
പി.ആർ.ഒ/വെബ്സൈറ്റ്
ആഫീസ് രേഖ/കരുതൽ രേഖ